## തച്ചങ്കരിയെ കുത്തി ശ്രീലേഖ

അനധികൃത സ്വത്ത് സമ്പാദനക്കേസിൽ തടവിലായ മുൻ ഡിജിപി ടോമിൻ ജെ.തച്ചങ്കരിയെ ട്രോളി ബിജെപി കൗൺസിലറും മുൻ ഡിജിപിയുമായ ആർ. ശ്രീലേഖ. തിരുവനന്തപുരം സെൻട്രൽ ജയിലിലെ ആശുപത്രി ബ്ലോക്ക്, സെല്ലുകളെ അപേക്ഷിച്ച് വളരെ വൃത്തിയുള്ളതാണെന്നും എല്ലാം താൻ ജയിൽ വകുപ്പ് ഡിജിപി ആയിരുന്നപ്പോൾ മെച്ചപ്പെടുത്തിയെടുത്തതാണെന്നും ശ്രീലേഖ ഫെയ്സ്ബുക്കിൽ കുറിച്ചു. ഇപ്പോൾ അത് ആർക്കെങ്കിലും നല്ലതുപോലെ പ്രയോജനപ്പെടുന്നുണ്ടെങ്കിൽ സന്തോഷം എന്നുമാണ് ശ്രീലേഖയുടെ പരിഹാസം. തച്ചങ്കരിയുടെ പേരെടുത്ത് പറയാതെയാണ് പോസ്റ്റ്.ശ്രീലേഖയുടെ പോസ്റ്റ്: 'തിരുവനന്തപുരം സെൻട്രൽ ജയിലിലെ 'ആശുപത്രി ബ്ലോക്ക്' സെല്ലുകളെ അപേക്ഷിച്ച് വളരെ വൃത്തിയുള്ളതാണ്. നല്ല കിടക്ക, മെത്ത, തലയിണ, ഫാൻ, വൃത്തിയുള്ള ശൗചാലയം, പിന്നെ പ്രത്യേകം ഒറ്റയ്ക്ക് കഴിയാനുള്ള സൗകര്യങ്ങൾ, ചുറ്റും മനോഹരമായ പൂന്തോട്ടം, പ്രത്യേക ഭക്ഷണം.

സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 62 ലക്കം: 163 2026 സെപ്തംബർ 19 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### എക്സാ ലോജിക്: വിജിലൻസ് എഫ് ഐ ആർ ഇട്ടാൽ കുടുങ്ങുക

# കുഞ്ഞാലിക്കുട്ടിയും ചെന്നിത്തലയും: എ.കെ. ബാലൻ

പാലക്കാട്: കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് എക്സാ ലോജിക് കമ്പനി വിഷയത്തിൽ വിജിലൻസ് എഫ്. ഐ. ആർ. തയ്യാറാക്കി കേസെടുത്താൽ കുടുങ്ങുന്നത് യു.ഡി.എഫ്. മന്ത്രിമാരായ രമേശ് ചെന്നിത്തലയും പി.കെ. കുഞ്ഞാലിക്കുട്ടിയും ആയിരിക്കുമെന്ന് മുതിർന്ന സി.പി.എം നേതാവ് എ.കെ. ബാലൻ. തെളിവുണ്ടെങ്കിൽ എഫ്.ഐ.ആർ. ഇടണമെന്നും അദ്ദേഹം സർക്കാരിനെ വെല്ലുവിളിച്ചു.

പാലക്കാട് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു എ.കെ. ബാലൻ. സമാനമായ ആരോപണത്തിൽ കോടതിക്ക് മുന്നിൽ പലവട്ടം കയറിയിറങ്ങി ശുദ്ധി തെളിയിച്ച പിണറായി വിജയനും കുടുംബാംഗങ്ങളും വെള്ളത്തിന് മുകളിൽ തന്നെ നിൽക്കുമെന്നും യു.ഡി.എഫ്. മന്ത്രിമാരായിരിക്കും മുങ്ങിത്താഴുകയെന്നും ബാലൻ പറഞ്ഞു.

'സർക്കാർ നടുക്കടലിലാണ്. പിന്നോട്ടാണോ മുന്നോട്ടാണോ പോകേണ്ടതെന്ന് നിശ്ചയമില്ല. ഒടുവിൽ മുന്നോട്ട് പോകാൻ തീരുമാനിക്കുകയായിരുന്നു. അതിനിടെ എ.ജി.യുടെ നിയമോപദേശം സർക്കാരിന് ലഭിച്ചു. തെളിവുണ്ടെങ്കിൽ എഫ്.ഐ.ആർ. ഇടാം. അല്ലെങ്കിൽ പ്രാഥമിക പരിശോധന നടത്തി എഫ്.ഐ.ആർ. ഇടാം എന്നായിരുന്നു ഉപദേശം.' അദ്ദേഹം പറഞ്ഞു.

'എല്ലാ രേഖകളും എ.ജി. യുടെ ഓഫീസിലെത്തിച്ച ശേഷമാണ് ഈ സ്ഥിതി. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. എഫ്.ഐ.ആർ. ഇട്ടാൽ മന്ത്രിമാർ രണ്ടും കടുങ്ങും. എഫ്. ഐ.ആർ. ഇട്ടില്ലെങ്കിൽ പിണറായി വിജയന്റെ നിരപരാധിത്വം തെളിയും. അതിനാൽ ഇത് ഇരുതലമൂർച്ചയുള്ള വാളാണ് - എ.കെ. ബാലൻ പറഞ്ഞു.

'കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിജിലൻസ് നിയമപരിശോധന നടത്തിയ ആരോപണമാണിത്. പുതുതായി കേസെടുക്കാൻ എന്ത് തെളിവാണ് സർക്കാരിന്റെ കൈവശമുള്ളത്?' അദ്ദേഹം ചോദിച്ചു. താൻ മുഖ്യമന്ത്രിയെ നേരിൽ കണ്ടത് എക്സാ ലോജിക് വിഷയവുമായി ബന്ധപ്പെട്ടല്ലെന്നും കെ.എസ്.എഫ്.ഇ. തൊഴിലാളികളുടെ പ്രശ്നം സംസാരിക്കാനായിരുന്നു എന്നും എ.കെ. ബാലൻ പറഞ്ഞു.

## കോൺഗ്രസ് സ്വന്തം പാർട്ടിപോലെ; നടന്നത് കേരള കോൺഗ്രസ് പാർട്ടിക്കുള്ളിലെ സുഹൃത്തുക്കളുടെ സംഗമം: തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട: കോൺഗ്രസ് സ്വന്തം സംഘടനപോലെയാണെന്നും എന്നും കോൺഗ്രസിനോടൊപ്പം ചേർന്നുനിന്നിട്ടുള്ള ഒരു കേരള കോൺഗ്രസുകാരനാണ് താനെന്നും വ്യക്തമാക്കി തോമസ് ഉണ്ണിയാടൻ എംഎൽഎ. കഴിഞ്ഞ ദിവസം തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ കേരള കോൺഗ്രസ് സൗഹൃദ കൂട്ടായ്മ നൽകിയ സ്നേഹാദരത്തിന് പിന്നാലെ ഉണ്ടായ വിവദങ്ങളിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

'കോൺഗ്രസ് സ്വന്തം സംഘടനപോലെയാണ്. എന്നും കോൺഗ്രസിനോടൊപ്പം ചേർന്നുനിന്നിട്ടുള്ള ഒരു കേരള കോൺഗ്രസുകാരനാണ് ഞാൻ. 50 വർഷം മുൻപ് കേരള കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയിൽ പ്രവർത്തിച്ച് രാഷ്ട്രീയം തുടങ്ങിയ ആളാണ്. തുടർന്ന് കോളേജ് ചെയർമാൻ, അഭിഭാഷക വിങ് എന്നിവയുടെ പ്രസിഡന്റായി പ്രവർത്തിച്ചു.' അദ്ദേഹം പറഞ്ഞു.

'2001, 2006, 2011 വർഷങ്ങളിലും ഒരു ഇടവേളയ്ക്ക് ശേഷം 2026-ലും എംഎൽഎ ആയ ആളാണ് ഞാൻ. 25 വർഷം എംഎൽഎ ആയതിന്റെ സന്തോഷം പങ്കുവെക്കാൻ എല്ലാ ജില്ലകളിൽ നിന്നും പ്രിയപ്പെട്ട സുഹൃത്തുക്കൾ വിളിക്കുമ്പോൾ പോകാറുണ്ട്. അത്തരത്തിൽ ഒരു പരിപാടിയായിരുന്നു സാഹിത്യ അക്കാദമി ഹാളിലും നടന്നത്.' അദ്ദേഹം പറഞ്ഞു.

'കേരള കോൺഗ്രസ് പാർട്ടിക്കുള്ളിലെ സുഹൃത്തുക്കളുടെ സംഗമമാണ് നടന്നത്. പാർട്ടിയിൽ വീണ്ടും പിളർപ്പുണ്ടാകുമെന്നൊന്നും അതിന് അർത്ഥമില്ല.' ഉണ്ണിയാടൻ പറഞ്ഞു. കക്ഷിരാഷ്ട്രീയത്തിനും ജാതിമതങ്ങൾക്കും അതീതമായി ഇരിങ്ങാലക്കുടയിലെ ജനങ്ങളുടെ വിഷയങ്ങളിൽ ഇടപെട്ടും പ്രാദേശിക വികസനം ശ്രദ്ധിച്ചുമാണ് മുന്നോട്ട് പോകുന്നതെന്നും ഉണ്ണിയാടൻ പറഞ്ഞു.

## ബിൽകീസ് ബാനു ബലാൽസംഗ കേസിലെ പ്രതിക്ക് ജാമ്യം അനുവദിച്ച് ഗുജറാത്ത് ഹൈക്കോടതി

അഹമ്മദാബാദ്: ബിൽകീസ് ബാനു ബലാൽസംഗ കേസിലെ പ്രതിക്ക് ഗുജറാത്ത് ഹൈകോടതി ജാമ്യം അനുവദിച്ചു. കേസിലെ 11 പ്രതികളിൽ ഒരാളായ രാധേശ്യാം ഷാക്കാണ് ജസ്റ്റിസ് സഞ്ജീവ് ജെ. താക്കർ ഏഴുദിവസം പരോൾ അനുവദിച്ചത്.

അപേക്ഷയിൽ ചൂണ്ടിക്കാണിച്ച കാരണങ്ങളും ജയിൽ റിപ്പോർട്ടും പരിശോധിച്ചാണ് ഇളവ് അനുവദിക്കാൻ തീരുമാനിച്ചതെന്ന് ഉത്തരവിൽ വ്യക്തമാക്കി. കുടുംബത്തിന്റെ മോശം സാമ്പത്തിക സ്ഥിതി പരിഗണിച്ച് ജാമ്യം അനുവദിക്ക?ണമെന്നായിരുന്നു അപേക്ഷ.

പ്രതി 10,000 രൂപയുടെ വ്യക്തിഗത ബോണ്ട് നൽകണമെന്നും പരോൾ കാലാവധി അവസാനിച്ച ഉടൻ ജയിൽ അധികാരികൾക്ക് മുമ്പാകെ കീഴടങ്ങണമെന്നും കോടതി നിർദേശം നൽകി. മോചിതനായ ശേഷം മൂന്നാം ദിവസവും അഞ്ചാം ദിവസവും അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ ഹാജരാകണമെന്നും ഉത്തരവിലുണ്ട്.

കോടതിയിൽ നടന്ന വാദത്തിനിടയിൽ, കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനുമാണ് താൻ പരോൾ തേടുന്നതെന്ന് ഷായുടെ അഭിഭാഷകൻ കെ.ഡി. പർമാർ അറിയിച്ചു. 2025 ഡിസംബറിലാണ് അദ്ദേഹത്തിന് അവസാനമായി പരോൾ അനുവദിച്ചതെന്നും അഭിഭാഷകൻ ചൂണ്ടിക്കാട്ടി.

2002 ലെ ഗുജറാത്ത് കലാപത്തിനിടെ ബിൽകീസ് ബാനുവിനെ കൂട്ടബലാത്സംഗം ചെയ്യുകയും കുടുംബത്തിലെ ഏഴുപേരെ കൊലപ്പെടുത്തുകയും ചെയ്ത കേസിൽ ജീവപര്യന്തം തടവ് ശിക്ഷിക്കപ്പെട്ട പ്രതികളിലൊരാളാണ് രാധേശ്യാം ഷാ. 2022 ആഗസ്റ്റിൽ ശിക്ഷാ ഇളവ് ലഭിച്ച് പുറത്തിറങ്ങിയ 10 പ്രതികളിൽ ഇയാളും ഉൾപ്പെടുന്നു. തുടർന്ന്, ഗുജറാത്ത് സർക്കാർ നൽകിയ ആ ശിക്ഷാ ഇളവ് സുപ്രീംകോടതി റദ്ദാക്കുകയും 2024 ജനുവരിയിൽ പ്രതികൾ തിരികെ ജയിലിൽ പ്രവേശിക്കാൻ ഉത്തരവിടുകയുമായിരുന്നു.

ശിക്ഷാ ഇളവ് സംബന്ധിച്ച നിയമനടപടികളിൽ പ്രതി സുപ്രീംകോടതിയെ സമീപിച്ച് വ്യക്തത വരുത്തി. തുടർന്നാണ് ഹൈകോടതിയിൽ പരോൾ അപേക്ഷ നൽകിയത്.

2002ൽ കൂട്ടബലാത്സംഗത്തിന് ഇരയാകുമ്പോൾ ബിൽകീസ് ബാനുവിന് 21 വയസായിരുന്നു പ്രായം. അന്നവർ ഗർഭിണിയുമായിരുന്നു. ബിൽകീസ് ബാനുവിന്റെ മൂന്നുവയസുള്ള മകൾ ഉൾപ്പെടെ കുടുംബത്തിലെ ഏഴുപേർ ഗുജറാത്ത് കലാപത്തിൽ കൊല്ലപ്പെട്ടു.

## ബംഗാളിൽ വീണ്ടും ട്വിസ്റ്റ്; നന്ദിഗ്രാമിന് പിന്നാലെ മമത രജി നഗറിൽ നിർത്തിയ സ്ഥാനാർഥിയും പിന്മാറി

കൊൽക്കത്ത: ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാളിൽ രാഷ്ട്രീയ അട്ടിമറികൾ തുടരുന്നു. നന്ദിഗ്രാമിലെ സ്ഥാനാർഥിക്ക് പിന്നാലെ രജി നഗറിൽ മമത നിർത്തിയ സ്ഥാനാർഥിയും നാമനിർദേശ പത്രിക പിൻവലിച്ചു. തൃണമൂൽ മമത വിഭാഗത്തിന്റെ സ്ഥാനാർഥിയായിരുന്ന റബീഉൽ ആലം ചൗധരിയാണ് പത്രിക പിൻവലിച്ചത്. ഇതോടെ ഒക്ടോബർ ആറിന് ബംഗാളിലെ രണ്ട് മണ്ഡലങ്ങളിലേക്ക് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ മമതയ്ക്ക് സ്ഥാനാർഥികളില്ലാതായി.

നന്ദിഗ്രാമിൽ മമതാപക്ഷ തൃണമൂൽ നിർത്തിയ സ്ഥാനാർഥി സഞ്ചിത ദേ കഴിഞ്ഞ ദിവസം പത്രിക പിൻവലിച്ചു. ബി.ജെ.പി. മുഖ്യമന്ത്രി സുവേന്ദു അധികാരിയെ കണ്ടശേഷമാണ് പത്രിക പിൻവലിച്ചത്. തൃണമൂലിന് സ്ഥാനാർഥിയില്ലാതായതോടെ മമതാ ബാനർജി കോൺഗ്രസ് സ്ഥാനാർഥിക്ക് പിന്തുണ പ്രഖ്യാപിച്ചെങ്കിലും മണിക്കൂറുകൾക്കകം ഈ സ്ഥാനാർഥി കൊലപാതകക്കേസിൽ അറസ്റ്റിലാവുകയും ചെയ്തു.

2007-ലെ നന്ദിഗ്രാം ഭൂമി ഏറ്റെടുക്കലിനെതിരേയുള്ള പ്രക്ഷോഭത്തിനിടെയുള്ള ഒരു കൊലപാതകക്കേസുമായി ബന്ധപ്പെട്ടാണ് കോൺഗ്രസ് സ്ഥാനാർഥി മിലൻ പ്രധാൻ അറസ്റ്റിലായത്.

വ്യാഴാഴ്ച അർധരാത്രിയോടെ തിരഞ്ഞെടുപ്പ് കമ്മിഷൻ ടി.എം.സി.യുടെ പേരും ചിഹ്നവും മരവിപ്പിച്ചിരുന്നു. മമത, ഋതബ്രത വിഭാഗങ്ങളുടെ പോരിനിടയിലാണിത്. അഖിലേന്ത്യാ തൃണമൂൽ കോൺഗ്രസ് എന്ന പേരും 'രണ്ട് പൂക്കളും പുൽച്ചെടിയും' എന്ന ചിഹ്നവും ഇനി പാർട്ടിക്ക് ഉപയോഗിക്കാനാവില്ല. വെള്ളിയാഴ്ച ഇരുവിഭാഗത്തിനും കമ്മിഷൻ പുതിയ പേരുകൾ നൽകി. ഔദ്യോഗിക വിഭാഗത്തിന് 'മമത ഓൾ ഇന്ത്യാ തൃണമൂൽ കോൺഗ്രസ്'. ചിഹ്നം 'ഫുട്ബോൾ കളിക്കാരൻ'. ഋതബ്രതയുടെ വിമത വിഭാഗത്തിന് 'ഡെമക്രാറ്റിക് തൃണമൂൽ കോൺഗ്രസ്' എന്ന പേരും'എൻവലപ്' ചിഹ്നവുമാണ് നൽകിയത്.

## മദ്യത്തിന്റെ ഉറവിടം തേടി എക്സൈസ്; ആന്റോ അഗസ്റ്റിനെ കസ്റ്റഡിയിൽ വിട്ടു

ബത്തേരി: വീട്ടിൽ മദ്യശേഖരം കണ്ടെത്തിയ കേസിൽ പ്രതിയായ ആന്റോ അഗസ്റ്റിനെ ഒരു ദിവസത്തേക്ക് എക്സൈസ് കസ്റ്റഡിയിൽ വിട്ടു. ബത്തേരി ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. ഇന്ന് തന്നെ ആന്റോ അഗസ്റ്റിനെ വീട്ടിലെത്തിച്ച് തെളിവെടുപ്പ് നടത്താനാണ് എക്സൈസിന്റെ നീക്കം.

**ആന്റോയ്ക്കായി വഴിവിട്ട നീക്കങ്ങൾ; പിന്നിൽ മുൻകായിക മന്ത്രിയെന്ന് സംശയം**

മദ്യത്തിന്റെ ഉറവിടം കണ്ടെത്തുന്നതിനും കേസുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനുമായി ആന്റോ അഗസ്റ്റിനെ കസ്റ്റഡിയിൽ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടാണ് എക്സൈസ് കോടതിയെ സമീപിച്ചത്. പിടിച്ചെടുത്ത മദ്യം എവിടെനിന്നാണ് എത്തിച്ചതെന്നും ആൽക്കഹോൾ അടങ്ങിയ പാനീയം എവിടെയാണ് നിർമിച്ചതെന്നും കണ്ടെത്തേണ്ടതുണ്ടെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. കേസിൽ വിശദമായ അന്വേഷണം ആവശ്യമാണെന്നും പ്രോസിക്യൂഷൻ വ്യക്തമാക്കി.

അതേസമയം, ആന്റോ അഗസ്റ്റിനെ മാധ്യമങ്ങൾക്ക് മുന്നിൽ വലിച്ചിഴയ്ക്കുകയാണെന്ന് പ്രതിഭാഗം ആരോപിച്ചു. നാല് ദിവസത്തെ എക്സൈസ് കസ്റ്റഡി ആവശ്യത്തെയും പ്രതിഭാഗം എതിർത്തു. വാദങ്ങൾ പരിഗണിച്ച ശേഷമാണ് കോടതി ഒരു ദിവസത്തെ കസ്റ്റഡി അനുവദിച്ചത്. കസ്റ്റഡി കാലയളവിൽ അന്വേഷണത്തിന്റെ ഭാഗമായി ആന്റോ അഗസ്റ്റിനെ വീട്ടിലെത്തിച്ച് തെളിവെടുപ്പ് നടത്താൻ സാധ്യതയുണ്ട്.

പഴയ വാദങ്ങൾ തന്നെ ആയിരുന്നു പ്രതിഭാഗം ഉന്നയിച്ചത്. അറസ്റ്റിന്റെ മാനദണ്ഡങ്ങൾ പാലിച്ചില്ല. ആന്റോ സ്ഥലത്തുണ്ടായിരുന്നില്ല, എറണാകുളത്തായിരുന്നു. ഈ സമയത്താണ് റെയ്ഡ് നടന്നത് തുടങ്ങിയ കാര്യങ്ങളായിരുന്നു കോടതിയിൽ വാദിച്ചത്.

## മരിച്ച നിലയിൽ

കുന്നംകുളം: പട്ടാമ്പി റോഡ് പാലസ് റോഡിലെ ഹോസ്റ്റൽ കെട്ടിടത്തിൽ മധ്യവയസ്കനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഇന്ന് രാവിലെ പത്തരയോടെയാണ് ഈ കെട്ടിടത്തിലെ താഴത്തെ നിലയിലെ ചെറിയ മുറിയിൽ ഇയാളെ മരിച്ച നിലയിൽ കണ്ടത് . പാലക്കാട് സ്വദേശിയാണ് . കുന്നംകുളത്തെ ഒരു വ്യാപാര സ്ഥാപനത്തിൽ ജോലി ചെയ്തു വരികയായിരുന്നു. 55 വയസ്സ് പ്രായമുണ്ട്. പോലീസ് സ്ഥലത്തെത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കും.

## മൂന്ന് കുട്ടികൾ ബൈക്കിൽ, വയോധികനെ ഇടിച്ച് തെറിപ്പിച്ചു; ദാരുണാന്ത്യം

കോഴിക്കോട്: സ്കൂൾ വിദ്യാർഥികളായ മൂന്നുകുട്ടികൾ അമിത വേഗതയിൽ ഓടിച്ചെത്തിയ ബൈക്ക് ഇടിച്ച് വയോധികന് ദാരുണാന്ത്യം. അത്തോളി കോതങ്കൽ ഈയപ്പക്കണ്ടി സൈതലവി (70) ആണ് മരിച്ചത്.

കോതങ്കൽ ഹൈസ്കൂളിൽ കലോത്സവം നടക്കുന്നതിനിടെ അവിടെനിന്നും ബൈക്കിൽ എത്തിയ വിദ്യാർഥികൾ റോഡിലൂടെ നടന്നുപോവുന്ന സൈതലവിയെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ സൈദലവി ഏറെ ദൂരം തെറിച്ചുപോയി. തുടർന്ന് ബൈക്ക് നിർത്താതെ കടന്നുപോവുകയും ചെയ്തു.

മുന്നുപേരുണ്ടായിരുന്ന ബൈക്കിൽ നിന്ന് ഒരാൾ അവിടെ തന്നെ തെറിച്ച് വീഴുകയും പരിക്കേൽക്കുകയും ചെയ്തു. ഈ വിദ്യാർഥിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തുടർന്നുള്ള അന്വേഷണത്തിൽ അപകടമുണ്ടാക്കിയ ബൈക്കിലെ മറ്റ് രണ്ട് വിദ്യാർഥികളെയും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ സിസിടിവി ദൃശ്യം പുറത്തുവന്നിട്ടുണ്ട്.

### സ്കൂട്ടർ നിയന്ത്രണംവിട്ട് മറിഞ്ഞ് രണ്ടുപേർക്ക് പരിക്ക്

കുന്നംകുളം: കേച്ചേരി ചിറനെല്ലൂർ വില്ലേജ് ഓഫീസിനു സമീപം സ്കൂട്ടർ നിയന്ത്രണംവിട്ട് മറിഞ്ഞ് രണ്ടുപേർക്ക് പരിക്ക്. പരിക്കേറ്റ ചിറനെല്ലൂർ സ്വദേശി കുണ്ടുകുളം വീട്ടിൽ വർഗീസിന്റെ മകൻ ബെന്നി (53), മത്തനങ്ങാടി സ്വദേശി വലിയകത്ത് വീട്ടിൽ കാദറിന്റെ മകൻ ജുബീഷ് (49) എന്നിവരെ കേച്ചേരി ആക്ട്സ് ആംബുലൻസ് പ്രവർത്തകർ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

### ദുരൂഹ സാഹചര്യത്തിൽ മൃതദേഹം കണ്ടെത്തി

കുന്നംകുളം: ചൂണ്ടൽ പുതുശ്ശേരി പാടത്ത് ദുരൂഹ സാഹചര്യത്തിൽ മൃതദേഹം കണ്ടെത്തി .മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല .ഇതര സംസ്ഥാന തൊഴിലാളിയാ ണെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം .

## തിരുപ്പതി ലഡ്ഡുവിൽ മായം, നെയ്യിന് പകരം ഉപയോഗിച്ചത് പാമോയിൽ, കോടികൾ തട്ടി; ഇഡിയുടെ അറസ്റ്റ്

ആന്ധ്രപ്രദേശ്: തിരുപ്പതി ക്ഷേത്രത്തിൽ പ്രസാദമായി നൽകിവരുന്ന ലഡ്ഡു നിർമാണത്തിനായി ഉപയോഗിച്ച നെയ്യിൽ മായം കലർത്തിയതുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സുകൃതി ഫുഡ്സ് പ്രൊമോട്ടർ കൈലാസ് ചന്ദ് മംഗ്ലയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) അറസ്റ്റ് ചെയ്തു.

'അമ്മാർക്ക് സ്പെഷ്യൽ ഗ്രേഡ് പശുവിൻ നെയ്യ്' എന്ന പേരിൽ തിരുമല തിരുപ്പതി ദേവസ്ഥാനത്തിന് (ടിടിഡി) വിതരണം ചെയ്ത നെയ്യ്, ശുദ്ധീകരിച്ച പാമോയിൽ, പാം കേർണൽ ഓയിൽ, പാമോളിൻ, വിവിധ രാസവസ്തുക്കൾ എന്നിവ ഉപയോഗിച്ചാണ് നിർമിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയതായി ഏജൻസി വ്യക്തമാക്കി.

ടിടിഡി നെയ്യ് മായം ചേർക്കൽ കേസുമായി ബന്ധപ്പെട്ട് സെ. 17-ന് ഹൈദരാബാദ് ഓഫീസാണ് മംഗളയെ കസ്റ്റഡിയിലെടുത്തതെന്ന് കേന്ദ്ര ഏജൻസി പുറത്തിറക്കിയ പ്രസ്താവനയിൽ അറിയിച്ചു. തുടർന്ന് വിശാഖപട്ടണത്തെ പ്രത്യേക പണം വെളുപ്പിക്കൽ തടയൽ നിയമ (PMLA) കോടതിയിൽ ഹാജരാക്കിയ ഇയാളെ കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടതായി ഇഡി വ്യക്തമാക്കി.

ഏജൻസി നൽകുന്ന വിവരമനുസരിച്ച്, ശുദ്ധീകരിച്ച പാമോയിൽ, പാം കേർണൽ ഓയിൽ, പാമോളിൻ എന്നിവയ്ക്കൊപ്പം MG90, മോണോഗ്ലിസറൈഡുകൾ, മൈവാസെറ്റ് സോഫ്റ്റ് 400 (Myvacet Soft 400), അസറ്റിക് ആസിഡ് എസ്റ്റർ എന്നീ രാസവസ്തുക്കൾ ഉപയോഗിച്ചാണ് തിരുപ്പതി ലഡു പ്രസാദം നിർമിക്കുന്നതിനായി ഉപയോഗിച്ചുവെന്ന് ആരോപിക്കപ്പെടുന്ന മായം ചേർത്ത നെയ്യ് നിർമിച്ചിരുന്നത്.

ഇവ പിന്നീട് അമ്മാർക്ക് സ്പെഷ്യൽ ഗ്രേഡ് പശുവിൻ നെയ്യ് എന്ന പേരിൽ ടിടിഡിക്ക് വിതരണം ചെയ്യുകയായിരുന്നുവെന്ന് ഇഡി ആരോപിക്കുന്നു. 2019 നും 2024 നും ഇടയിൽ ടിടിഡിക്ക് നൽകിയ വ്യാജ നെയ്യ് വിതരണത്തിന് 230 കോടി രൂപ മൂല്യമുണ്ടെന്നും, ഇതിൽ 96 കോടി രൂപയുടെ മായം ചേർത്ത നെയ്യ് മംഗളയാണ് നിർമ്മിച്ചതെന്നും ഇഡി അവകാശപ്പെട്ടു.

ഈ ഗൂഢാലോചനയിലെ പ്രധാനികളിൽ ഒരാളായ മംഗള, മായം ചേർക്കാനുള്ള വസ്തുക്കൾ സംഭരിക്കുന്നതിന് സൗകര്യമൊരുക്കുകയും തന്റെ ഫാക്ടറി വളപ്പിൽവെച്ച് മായം ചേർത്ത നെയ്യ് നിർമ്മിക്കുകയും ചെയ്തുവെന്ന് ഏജൻസി അറിയിച്ചു. സമാനമായ ആരോപണങ്ങളിൽ ഭോലെ ബാബ ഓർഗാനിക് ഡയറി മിൽക്കിന്റെ പ്രൊമോട്ടറും ഡയറക്ടറുമായ വിപിൻ ജെയിനിനെ ഏജൻസി നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

'ശ്രീ വൈഷ്ണവി ഡയറി സ്പെഷ്യാലിറ്റീസ്, മൽഗംഗ മിൽക്ക് ആൻഡ് അഗ്രോ പ്രൊഡക്ട്സ്, എ.ആർ. ഡയറി ഫുഡ്സ് എന്നിവയുൾപ്പെടെയുള്ള വിവിധ മുൻനിര സ്ഥാപനങ്ങൾ വഴി മായം ചേർത്ത നെയ്യ് വിതരണം ചെയ്യുന്നതിനും ഇയാൾ ഏകോപനം നടത്തി. മായം ചേർത്ത വസ്തുക്കളുടെ യഥാർത്ഥ ഉപയോഗം മറച്ചുവെക്കുന്നതിനും, യഥാർത്ഥ പശുവിൻ നെയ്യ് നിർമിച്ച് വിതരണം ചെയ്യുന്നുവെന്ന പ്രതീതി സൃഷ്ടിക്കുന്നതിനുമായി മംഗള നെയ്യുടെയും ശുദ്ധീകരിച്ച പാമോയിലിന്റെയും വിൽപനയും വാങ്ങലുമായി ബന്ധപ്പെട്ട വ്യാജ രേഖകൾ ഉണ്ടാക്കുകയും സൂക്ഷിക്കുകയും ചെയ്തു.' ഇഡി ആരോപിച്ചു.

---

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ മുമ്പാകെ**

OP. 696/2024

ഇക്ബാൽ, S/o. അബ്ദുൾ കാദർ അമ്പലത്ത് വീട്ടിൽ ഹൗസ്, എടക്കഴിയൂർ പി ഒ., പിൻ-680515 ചാവക്കാട് താലൂക്ക്,

-ഹരജിക്കാരൻ

ഹംദ ഹാനിയ, 23വയസ് D/o. മുഹമ്മദ് ജവഹർ, നാലകത്ത് പടുവിങ്കൽ ഹൗസ്, പാവറട്ടി പി ഒ.,, Near Sir Syed School, പുതുമനശ്ശേരി ദേശം, പാവറട്ടി വില്ലേജ്, ചാവക്കാട് താലൂക്ക്-680507

-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള Form 1 നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് **01-10-2026** തിയതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം എതൃകക്ഷി നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരാകേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്ന താണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 18-9-2026
ഹരജിഭാഗം അഡ്വക്കെറ്റ്
**എം വി വിനോദ്** (ഒപ്പ്)

---

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ മുമ്പാകെ**

OP.52/2025

ഇക്ബാൽ, S/o. അബ്ദുൾ കാദർ അമ്പലത്ത് വീട്ടിൽ ഹൗസ്, എടക്കഴിയൂർ പി ഒ., പിൻ-680515 ചാവക്കാട് താലൂക്ക്,

-ഹരജിക്കാരൻ

ഹംദ ഹാനിയ, 23വയസ് D/o. മുഹമ്മദ് ജവഹർ, നാലകത്ത് പടുവിങ്കൽ ഹൗസ്, പാവറട്ടി പി ഒ.,, Near Sir Syed School, പുതുമനശ്ശേരി ദേശം, പാവറട്ടി വില്ലേജ്, ചാവക്കാട് താലൂക്ക്-680507

-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള Form 1 നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് **01-10-2026** തിയതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം എതൃകക്ഷി നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരാകേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്ന താണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 18-9-2026
ഹരജിഭാഗം അഡ്വക്കെറ്റ്
**എം വി വിനോദ്** (ഒപ്പ്)

---

### കോടതി പരസ്യം

**ബഹു. തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ**

**EP 602/2026, RCP 80/2023**

1) കുന്നംകുളം താലൂക്ക്, കരിക്കാട് വില്ലേജ് പാതാക്കര ദേശം, രായംമരയ്ക്കാർ വീട്ടിൽ പുത്തൻപുരയിൽ മരണപ്പെട്ട അബ്ദുൾ റഹ്മാൻ ഭാര്യ 65 വയസ്സ്, സുലൈഖ
2) കുന്നംകുളം താലൂക്ക്, കരിക്കാട് വില്ലേജ് പാതാക്കര ദേശം, രായംമരയ്ക്കാർ വീട്ടിൽ പുത്തൻപുരയിൽ മരണപ്പെട്ട അബ്ദുൾ റഹ്മാൻ മകൻ 44 വയസ്സ്, നിഷാദ് റഹ്മാൻ
3) കുന്നംകുളം താലുക്ക്, കരിക്കാട് വില്ലേജ് പാതാക്കര ദേശം, രായംമരയ്ക്കാർ വീട്ടിൽ പുത്തൻപുരയിൽ മരണപ്പെട്ട അബ്ദുൾ റഹ്മാൻ മകൻ 33 വയസ്സ്, ഹഫിൽ അബ്ദുൾ റഹ്മാൻ എന്നവർക്ക് വേണ്ടി മുക്ത്യാർ ഏജന്റ് കുന്നംകുളം താലൂക്ക്, കരിക്കാട് വില്ലേജ് പാതാക്കര ദേശം, രായംമരയ്ക്കാർ വീട്ടിൽ പുത്തൻപുരയിൽ മരണപ്പെട്ട അബ്ദുൾ റഹ്മാൻ മകൻ 44 വയസ്സ്, നിഷാദ് റഹ്മാൻ

ഹർജിക്കാർ/വിധിയുടമകൾ

തൃശ്ശൂർ താലൂക്ക്, ഒല്ലൂർ വില്ലേജ്, കുരിയചിറ ദേശം, കുരിയചിറ പി.ഒ, പറമ്പിൽ വീട്ടിൽ ജോർജ്ജ് മകൻ 68 വയസ്സ്, ലാലു ജോർജ്ജ്

എതൃകക്ഷി/വിധികടക്കാരൻ

**പത്രപരസ്യം**

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **30-09-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. ആയതിൽ ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ അന്നേ ദിവസം ടി എതൃകക്ഷി പകൽ 11 മണിക്ക് ബഹുമാനപ്പെട്ട തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ നമ്പറിലെ ഹർജി പ്രകാരം വിധിയാകുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 2026 സെപ്തംബർ മാസം 18 ന്
ഹർജിക്കാർ/വിധിയുടമകൾ ഭാഗം അഡ്വക്കെറ്റ്
**ഷാനി കെ കൃഷ്ണൻ** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

# തൃശ്ശൂരിൽ മുണ്ടിനീര് റിപ്പോർട്ട് ചെയ്യുന്നു; ജാഗ്രതാ നിർദ്ദേശവുമായി ജില്ലാ മെഡിക്കൽ ഓഫീസർ

തൃശ്ശൂർ : ജില്ലയിലെ വിവിധ ഭാഗങ്ങളിൽ മുണ്ടിനീർ (മുണ്ടി വീക്കം / തൊണ്ടി വീക്കം) റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് മുണ്ടിനീർ. വായുവിലൂടെയും രോഗബാധിതരുമായുള്ള സമ്പർക്കത്തിലൂടെയും രോഗം പകരാം. ഗ്രന്ഥികളിൽ വീക്കം ഉണ്ടാകുന്നതിന് ഏകദേശം രണ്ട് ദിവസം മുൻപും വീക്കം വന്നതിന് ശേഷം നാല് മുതൽ ആറ് ദിവസം വരെയുമാണ് രോഗം മറ്റുള്ളവരിലേക്ക് പകരാൻ സാധ്യത കൂടുതലുള്ളത്.

5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളിലാണ് രോഗബാധ കൂടുതലായി കാണപ്പെടുന്നത്. എന്നാൽ മുതിർന്നവരിലും രോഗം ഉണ്ടാകാം. മുതിർന്നവരിൽ രോഗം കൂടുതൽ ഗുരുതരമാകാനുള്ള സാധ്യതയുണ്ടെന്നും ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി.

**രോഗബാധയുണ്ടെന്ന് സംശയിക്കുന്നവർ ഡോക്ടറുടെ നിർദേശം തേടണം. പനി, വേദന തുടങ്ങിയ ലക്ഷണങ്ങൾക്ക് കൃത്യമായ ചികിത്സ സ്വീകരിക്കുകയും ധാരാളം വെള്ളം കുടിക്കുകയും പൂർണ്ണ വിശ്രമം എടുക്കുകയും വേണം.**

**രോഗബാധിതർ രോഗം പൂർണ്ണമായി മാറുന്നതുവരെ വീട്ടിൽ വിശ്രമിക്കുകയും മറ്റുള്ളവരുമായുള്ള അടുത്ത സമ്പർക്കം ഒഴിവാക്കുകയും വേണം. രോഗബാധിതരായ കുട്ടികളെ സ്കൂളിൽ അയക്കരുതെന്നും ആരോഗ്യവകുപ്പ് നിർദേശിക്കുന്നു.**

# വെളിയം ഭാർഗവൻ അനുസ്മരണം

ഇരിങ്ങാലക്കുട: ദീർഘ കാലം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായും,വിവിധ സമര പോരാട്ടങ്ങൾക്ക് നെടുനായക ത്വം വഹിക്കുകയും ചെയ്ത് വിടപറഞ്ഞ സഖാവ്

വെളിയം ഭാർഗവന്റെ ഓർമ്മദിനത്തിൽ സിപിഐ ഇരിഞ്ഞാലക്കുട മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഓർമ്മ ദിനചരണം നടന്നു മണ്ഡലം ഓഫീസിന് മുൻപിൽ മണ്ഡലം സെക്രട്ടറി എൻ കെ. ഉദയപ്രകാശിന്റെ നേതൃത്വത്തിൽ പുഷ്പാർച്ചനയും അനുസ്മരണ യോഗവും നടന്നു മണ്ഡലം സെക്രട്ടേറിയറ്റ് അംഗം കെ എസ് പ്രസാദ് അദ്ധ്യക്ഷത വഹിച്ചു,എ ഐ എസ് എഫ് ജില്ലാ സെക്രട്ടറി മിഥുൻ പൊട്ടക്കാരൻ,ബെന്നി വിൻസെന്റ്,വി എസ് ഉണ്ണികൃഷ്ണൻ,സി സുരേഷ് എന്നിവർ സംസാരിച്ചു.

കാറളം ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കീഴ്താണിയിൽ നടന്ന അനുസ്മരണ ദിനാചരണത്തിൽ സെക്രട്ടറി സുധീർദാസ് രക്തപതാക ഉയർത്തി, കാറളം സെന്ററിൽ മുതിർന്ന സിപിഐ നേതാവ് കെ ശ്രീകുമാർ പതാകഉയർത്തി.

# 90 വർഷത്തിന്റെ നിറവിൽ ഇരിങ്ങാലക്കുട; നവതി ആഘോഷങ്ങൾക്ക് ജനകീയ തുടക്കം

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട നഗരസഭയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി രൂപീകരിച്ച സ്വാഗതസംഘത്തിന്റെ യോഗം നഗരസഭ ടൗൺഹാളിൽ ചേർന്നു. നഗരസഭ ചെയർമാൻ എം.പി. ജാക്സൺ അധ്യക്ഷത വഹിച്ചു. 2026 ഒക്ടോബർ മുതൽ 2027 ഫെബ്രുവരി വരെ വിവിധങ്ങളായ പരിപാടികളോടെയാണ് നവതി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്. നഗരസഭയുടെ 90 വർഷത്തെ പ്രവർത്തനങ്ങളും വികസന മുന്നേറ്റങ്ങളും ജനകീയ പങ്കാളിത്തവും അടയാളപ്പെടുത്തുന്നതിനോടൊപ്പം നഗരത്തിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിന് സഹായകമാകുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ആഘോഷങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നതായി ചെയർമാൻ പറഞ്ഞു.

നഗരസഭയിലെ വിവിധ വാർഡുകളിൽ നിന്നുള്ള കലാ, കായിക, സാംസ്കാരിക പ്രവർത്തകർ, വിവിധ രാഷ്ട്രീയ-മത മേഖലകളിലുള്ള പ്രതിനിധികൾ, പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. നവതി ആഘോഷങ്ങൾ ജനകീയമായി വിജയിപ്പിക്കുന്നതിനായിട്ടുള്ള നിർദേശങ്ങളും അഭിപ്രായങ്ങളും യോഗത്തിൽ ഉയർന്നു.

നഗരസഭ വൈസ് ചെയർ പേഴ്സൺ ചിന്ത ധർമ്മരാജൻ സ്വാഗതം പറഞ്ഞു. പ്രോഗ്രാം കോർഡിനേറ്റർ പി.ആർ. സ്റ്റാൻലി നവതി ആഘോഷ പരിപാടിയുടെ രൂപരേഖയും പ്രവർത്തന പദ്ധതിയും അവതരിപ്പിച്ചു.

പ്രതിപക്ഷ നേതാവ് പി.വി. ശിവകുമാർ, കൗൺസിലർമാരായ ടി.കെ. ഷാജുട്ടൻ, പ്രസാദ് കെ.എസ്., മുൻ നഗരസഭ ചെയർപേഴ്സൺമാരായ സോണിയ ഗിരി, സുജ സഞ്ജീവ് കുമാർ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

നഗരസഭ സെക്രട്ടറി ഇൻ ചാർജ് സന്തോഷ് കുമാർ ആർ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻമാരായ ടി.എ. പോൾ, റോണി പോൾ മാവേലി, മിനി ജോസ് ചാക്കോള, പ്രവീൺസ് ഞാറ്റുവെട്ടി എന്നിവർ പങ്കെടുത്തു.

1936 ഫെബ്രുവരി 8ന് രൂപം കൊണ്ട ഇരിങ്ങാലക്കുട നഗരസഭയുടെ 90-ാം വാർഷികം ജനപങ്കാളിത്തത്തോടെ ചരിത്രപരമായ ആഘോഷമാക്കി മാറ്റുന്നതിനും നഗരത്തിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിന് പ്രയോജനപ്പെടുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും നഗരസഭ ശ്രമിക്കുമെന്ന് ചെയർമാൻ അറിയിച്ചു.

നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ വി.സി. വർഗീസ് നന്ദി പറഞ്ഞു.

## ഇരുപത്തിനാലാം വർഷ പ്രവർത്തന ദിനാഘോഷം

തൃശ്ശൂർ: തൃശ്ശൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇരുപത്തിനാലാം വർഷ പ്രവർത്തന ദിനാഘോഷത്തോടനുബന്ധിച്ച് വില്ലടം ഗവൺമെന്റ് വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകി, ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നതാണ് ഇത്തരം സേവന പ്രവർത്തനങ്ങളുടെ മൂല്യം എന്ന് ബാങ്ക് പ്രസിഡന്റ് ടി. നരേന്ദ്രൻ അഭിപ്രായപ്പെട്ടു. ബാങ്ക് സെക്രട്ടറി പി. എസ്. സനോജ്, വൈസ് പ്രസിഡന്റ് ശശിധരൻ വി., ഡയറക്ടർമാരായ പി. മൊഹമ്മദ് ബാബു, കെ. വി. വെങ്കിട്ടരാമൻ എന്നിവരും സെപ്റ്റംബർ 18-ന് നടന്ന പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു.

# കേരളാ കോൺഗ്രസ് (ജെ) സംഘർഷത്തെ യൂത്ത് കോൺഗ്രസ് അപലപിച്ചു

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയിൽ കേരളാ കോൺഗ്രസ് നേതൃയോഗത്തിൽ നടന്ന അനിഷ്ടസംഭവത്തിൽ യൂത്ത് കോൺഗ്രസ് ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മറ്റി അപലപിച്ചു. ഐക്യ ജനാധിപത്യ മുന്നണിക്ക് പൊതുമധ്യത്തിൽ ചീത്തപ്പേരുണ്ടാക്കുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു എന്നും യൂത്ത് കോൺഗ്രസ് ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മറ്റി അറിയിച്ചു. നിയോജകമണ്ഡലം പ്രസിഡന്റ് സനൽ കല്ലൂക്കാരൻ, മണ്ഡലം പ്രസിഡന്റ് ജോമോൻ മണാത്ത്, നിയോജകമണ്ഡലം ഭാരവാഹികളായ വിനു ആന്റണി, ഡേവിസ് ഷാജു, അജയ് മേനോൻ, എബിൻ ജോൺ, അഡ്വ ഗോകുൽ കർമ്മ എന്നിവർ പങ്കെടുത്തു.

## സതീശൻ നമ്പൂതിരി ഗുരുവായൂർ മേൽശാന്തി



ഗുരുവായൂർ ക്ഷേത്രം മേൽശാന്തിയായി ഓതിക്കൻ പുത്തമ്പല്ലി പഴയത്ത് മനയിൽ സതീശൻ നമ്പൂതിരിയെ തെരഞ്ഞെടുത്തു. രണ്ടാം തവണയാണ് ഇദ്ദേഹം മേൽശാന്തിയാകുന്നത്. ഒക്ടോബർ ഒന്ന് മുതൽ ആറ് മാസമാണ് കാലാവധി.

മദ്യ വിമോചന മഹാ സഖ്യത്തിന്റെ ലഹരിവിമോചന കേരളരക്ഷാ പദയാത്ര സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരണ യോഗം സംസ്ഥാന ജനറൽ സെക്രട്ടറി ഇ. എ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. അഡ്വ ചാർളിപോൾ, ജെയിംസ് കോറമ്പേൽ, കുരുവിള മാത്യൂസ്, കെ എം നാസറുദ്ദീൻ, പി. കെ സെബാസ്റ്റ്യൻ എന്നിവർ സമീപം

# ലഹരിവിമോചനകേരളരക്ഷാ പദയാത്ര ഒക്ടോബർ 2 ന് ആരംഭിക്കും സ്റ്റിയറിംങ് കമ്മിറ്റി രൂപീകരിച്ചു

കൊച്ചി:മദ്യ വിമോചന മഹാ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടക്കുന്ന 'ലഹരിവിമോചന കേരളരക്ഷാ പദയാത്ര' യുടെ സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിച്ചു.

ഒക്ടോബർ രണ്ടിന് കാസർകോഡ് നീലേശ്വരത്ത് നിന്ന് ആരംഭിക്കുന്ന പദയാത്ര, ഒക്ടോബർ 23 ന് തിരുവനന്തപുരത്ത് സമാപിക്കും.

കച്ചേരിപ്പടി ഗാന്ധിഭവനിൻ ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരണ യോഗം മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന ജനറൽ സെക്രട്ടറി ഇ. എ. ജോസഫ് ഉദ്ഘാടനം ചെയ്തു. കേരള മദ്യ വിരുദ്ധ ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ചാർളിപോൾ അധ്യക്ഷനായിരുന്നു. കുരുവിള മാത്യൂസ്, കെ. എം നാസറുദ്ദീൻ, ജയിംസ് കോറമ്പേൽ, റാഫേൽ മുക്കത്ത്, പി.കെ സെബാസ്റ്റ്യൻ, കെ.കെ. നെദീർ എന്നിവർ പ്രസംഗിച്ചു. ജസ്റ്റീസ് കെമാൽ പാഷ ചെയർമാനും അഡ്വ. ചാർളിപോൾ വർക്കിംഗ് ചെയർമാനും കെ. എ നാസറുദ്ദീൻ ജനറൽ കൺവീനറുമായി 51 അംഗ സ്റ്റിയറിംഗ് കമ്മറ്റിയാണ് രൂപീകരിച്ചത്.

ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ല ഗേൾസ് ഫുട്ബോൾ അണ്ടർ 14,17, 19 എന്നീ മത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ അവിട്ടത്തൂർ എൽ. ബി. എസ്. എം. ഹയർ സെക്കണ്ടറി സ്കൂൾ ടീം.

# ക്ഷണക്കത്തുകൾ നശിച്ചു

# ലോജിസ്റ്റിക്സ് കമ്പനി 73376 രൂപയും നഷ്ടം 15000 രൂപയും ചിലവ് 10000 രൂപയും പലിശയും നൽകുവാൻ വിധി

ലോജിസ്റ്റിക്സ് കമ്പനി മുഖേനെ അയച്ച ക്ഷണക്കത്തുകൾ നശിച്ച് ഉപയോഗക്ഷമമല്ലാതായതിനെത്തുടർന്ന് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ ഷൊർണൂർ റോഡിലുള്ള ലെല്ലാ ഏജൻസീസ് ഉടമ ഷിജു ലാസർ ഫയൽ ചെയ്ത ഹർജിയിലാണ് വി ആർ എൽ ലോജിസ്റ്റിക്സ് ലിമിറ്റഡിന്റെ തൃശൂരിലേയും ഡെൽഹിയിലുള്ള കാശ്മീരി ഗേറ്റിലേയും കാണ്ട്ല മാർക്കറ്റിലേയും മാനേജർമാർക്കെതിരെ ഇപ്രകാരം വിധിയായതു്.ഹർജിക്കാരൻ ക്ഷണക്കത്തുകളുടെ കച്ചവടമാണ് ചെയ്തു വരുന്നത്. എതിർകക്ഷികൾ മുഖേനെ ഹർജിക്കാരന് 73376 രൂപയുടെ ക്ഷണക്കത്തുകളാണ് അയക്കുകയുണ്ടായതു്. എന്നാൽ ക്ഷണക്കത്തുകൾ നശിക്കുകയായിരുന്നു.തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. പ്രകൃതി ദുരന്തം കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നായിരുന്നു എതിർകക്ഷികളുടെ വാദം. ക്ഷണക്കത്തുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ എന്തെല്ലാം നിർവ്വഹിച്ചു എന്നതിന്റെ തെളിവുകളൊന്നും എതിർകക്ഷികളുടെ ഭാഗത്തു നിന്നും ഹാജരാക്കുകയുണ്ടായില്ല. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് സംഭവിച്ച മാനസിക പ്രയാസങ്ങൾ, അസൗകര്യങ്ങൾ, സാമ്പത്തിക നഷ്ടം ഇവ പരിഗണിച്ച് വില 73376 രൂപയും ആയതിന് 2018 ആഗസ്റ്റ് മുതൽ 9 % പലിശയും നഷ്ടപരിഹാരമായി 15000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

# ഇരുപത്തിനാലാം വർഷ പ്രവർത്തന ദിനാഘോഷം

തൃശ്ശൂർ: തൃശ്ശൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇരുപത്തിനാലാം വർഷ പ്രവർത്തന ദിനാഘോഷത്തോടനുബന്ധിച്ച് വില്ലടം ഗവൺമെന്റ് വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകി, ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നതാണ് ഇത്തരം സേവന പ്രവർത്തനങ്ങളുടെ മൂല്യം എന്ന് ബാങ്ക് പ്രസിഡന്റ് ടി. നരേന്ദ്രൻ അഭിപ്രായപ്പെട്ടു. ബാങ്ക് സെക്രട്ടറി പി. എസ്. സനോജ്, വൈസ് പ്രസിഡന്റ് ശശിധരൻ വി., ഡയറക്ടർമാരായ പി. മൊഹമ്മദ് ബാബു, കെ. വി. വെങ്കിട്ടരാമൻ എന്നിവരും സെപ്റ്റംബർ 18-ന് നടന്ന പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു.

# ബ്രോഷർ പ്രകാശനം ചെയ്തു

ദുബായ്: ലോക ടൂറിസം ഭൂപടത്തിലേക്ക് ചുവടുവെച്ച് ICL ടൂർസ് ആൻഡ് ട്രാവൽസ്; അറേബ്യൻ ട്രാവൽ മാർട്ടിൽ (ATM)കമ്പനിയുടെ പ്രോഡക്റ്റ് ബ്രോഷർ പ്രകാശനം ചെയ്ത് ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ് ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ വച്ച് നടന്ന പ്രമുഖ ആഗോള ട്രാവൽ മേളയായ 'അറേബ്യൻ ട്രാവൽ മാർട്ടിൽ' (ATM) വെച്ച് ഐ. സി. എൽ ടൂർസ് ആൻഡ് ട്രാവൽസിന്റെ സമഗ്ര പദ്ധതികളെ കുറിച്ച് വിവരിക്കുന്ന ബ്രോഷർ ഐ. സി.എൽ ടൂർസ് ആൻഡ് ട്രാവൽസിന്റെ വൈസ് ചെയർമാൻ അമൽജിത് മേനോന്റെ സാന്നിധ്യത്തിൽ ദുബൈയിൽകേരളത്തിന്റെ സാംസ്കാരിക, സിനിമ ആൻഡ് ടൂറിസം മന്ത്രി പി സി വിഷ്ണുനാഥ് പ്രകാശനം ചെയ്തു.

ട്രാവൽ 2040 "(Travel 2040) എന്ന പ്രമേയത്തിൽ നടന്ന ഈ മേളയിലൂടെ പുതിയ ബിസിനസ് സാധ്യതകൾ കണ്ടെത്താനും, അന്താരാഷ്ട്ര പങ്കാളിത്തങ്ങൾ ശക്തമാക്കാനും, ദുബായിയുടെ ടൂറിസം വളർച്ചയിൽ പങ്കാളിയാകാനുമാണ് ഐ.സി.എൽ ടൂർസ് ആൻഡ് ട്രാവൽസിന്റെ ലക്ഷ്യം.

ഇന്ത്യയിലും യു.എ.ഇ ലുമായി പ്രവർത്തിക്കുന്ന ഐ. സി. എൽ ടൂർസ് ആൻഡ് ട്രാവൽസ്, ഐ.എ.ടി.എ (IATA) അംഗീകാരവും യു.എൻ ടൂറിസം (UN Tourism) അഫിലിയേഷനുമുള്ള പ്രധാന കമ്പനിയാണ്.

കോർപ്പറേറ്റ് യാത്രകൾ, പ്രീമിയം ഡെസേർട്ട് സഫാരി, മറൈൻ ടൂറിസം എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ യാത്രാ സേവനങ്ങൾ നൽകുന്ന മുൻനിര ടൂറിസം ഗ്രൂപ്പാണ്. സാങ്കേതികവിദ്യയും പരമ്പരാഗത ആതിഥേയത്വവും സമന്വയിപ്പിച്ച് ലോകമെമ്പാടുമുള്ള യാത്രക്കാർക്ക് മികച്ച യാത്രാനുഭവങ്ങൾ ഒരുക്കുകയാണ് കമ്പനിയുടെ ലക്ഷ്യം.

# വിവരാവകാശ നിയമം; ജില്ലയിലെ ഉദ്യോഗസ്ഥർക്കായി സെമിനാർ സംഘടിപ്പിച്ചു

തൃശൂർ: സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിലെ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കായി സെമിനാർ സംഘടിപ്പിച്ചു. എം.എൽ.എ രാജൻ ജെ. പല്ലൻ സെമിനാർ ഉദ്ഘാടനം ചെയ്തു. നമ്മുടെ രാജ്യത്തെ ഏറ്റവും ശക്തമായ നിയമങ്ങളിലൊന്നാണ് വിവരാവകാശ നിയമമെന്നും സുതാര്യവും കാര്യക്ഷമവുമായ ഭരണത്തിന് വിവരാവകാശ നിയമം കരുത്തുപകരുന്നുണ്ടെന്നും ഉദ്ഘാടനപ്രസംഗത്തിൽ എം.എൽ.എ പറഞ്ഞു.

തൃശ്ശൂർ ടൗൺഹാളിൽ നടന്ന സെമിനാറിന്റെ ഉദ്ഘാടന ചടങ്ങിൽ തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വിവരാവകാശ കമ്മീഷണർമാരായ ഡോ. എം. ശ്രീകുമാർ, അഡ്വ. ടി.കെ. രാമകൃഷ്ണൻ, സംസ്ഥാന വിവരാവകാശ കമ്മീഷൻ റിസോഴ്സ് പേഴ്സൺ കെ. പ്രസാദ് എന്നിവർ വിഷയാവതരണം നടത്തി. പരിപാടിക്ക് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. സോണിച്ചൻ പി. ജോസഫ് സ്വാഗതവും സംസ്ഥാന വിവരാവകാശ കമ്മീഷൻ സ്റ്റാഫംഗം സുരേഷ് നന്ദിയും പറഞ്ഞു. ജില്ലയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ, അപ്പീൽ അധികാരികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വാഴാനി ഡാം സെപ്റ്റംബർ 22 ന് തുറക്കും: പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം

തൃശൂർ: മുണ്ടകൻ കൃഷിക്കായി വാഴാനി ഡാമിൽ നിന്നും കനാലിലൂടെയും ആവശ്യമെങ്കിൽ പുഴയിലൂടെയും സെ. 22 മുതൽ നാല് ഘട്ടങ്ങളിലായി വെള്ളം തുറന്നുവിടാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണായ ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഉത്തരവിട്ടു. ഒന്നാം ഘട്ടം സെ. 22 മുതൽ ഒക്ടോബർ ഒന്ന് വരെയും രണ്ടാം ഘട്ടം ഒക്ടോബർ 26 മുതൽ നവംബർ നാല് വരെയും മൂന്നാം ഘട്ടം നവംബർ 26 മുതൽ ഡിസംബർ അഞ്ച് വരെയും, അവസാന ഘട്ടം ഡിസംബർ 21 മുതൽ 31 വരെയുമാണ് ജലവിതരണം നടത്തുന്നത്.

# നശാമുക്ത് ഭാരത് അഭിയാൻ: ലഹരി വിരുദ്ധ സന്ദേശവുമായി തൃശ്ശൂരിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു

തൃശ്ശൂർ: നശാമുക്ത് ഭാരത് അഭിയാന്റെ ഭാഗമായി ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റുകളായ 42, 144, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റുകളായ 20, 49 എന്നിവയുടെ സഹകരണത്തോടെ വിദ്യാർത്ഥികളും എൻ.എസ്.എസ്. വോളണ്ടിയർമാരും ചേർന്നാണ് പരിപാടി അവതരിപ്പിച്ചത്. തൃശ്ശൂർ ശക്തൻ ബസ് സ്റ്റാൻഡ്, കെ.എസ്.ആർ.ടി. സി. സ്റ്റാൻഡ്, വടക്കേ സ്റ്റാൻഡ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, ബസ് സ്റ്റാൻഡ് പരിസരം എന്നിവിടങ്ങളിലാണ് ഫ്ളാഷ് മോബ് സംഘടിപ്പിച്ചത്. ”സേ നോ ടു ഡ്രഗ്സ്, സേ യെസ് ടു ലൈഫ്” എന്ന സന്ദേശം പൊതുജനങ്ങളിലേക്കെത്തിച്ചു. ലഹരി വിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ചും സംഗീതവും നൃത്തവും സമന്വയിപ്പിച്ചുമാണ് വിദ്യാർത്ഥികൾ ബോധവൽക്കരണം നടത്തിയത്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും യുവതലമുറയെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാക്കുന്നതിനുമാണ് പരിപാടി സംഘടിപ്പിച്ചത്.

# സ്കൂൾ യുവജനോത്സവം ഉദ്ഘാടനം ചെയ്തു

പുതുക്കാട്:ഗവ: വൊക്കേഷ്ണൽ ഹയർ സെക്കന്ററി സ്കൂൾ യുവജനോത്സവം ചിലങ്ക കെ കെ രാമചന്ദ്രൻ എം എൽ എ ഉദ്ഘാടനം ചെയ്തു.ജില്ലാപഞ്ചായത്തംഗം കെ ജെ ഡിക്സൺ അദ്ധ്യക്ഷനായിരുന്നു.ബ്ലോക്ക് പഞ്ചായത്തംഗം ഷാജു കാളിയേങ്കര,വാർഡ് മെമ്പർ ജോഷി ജോയ്,പി ടി എ പ്രസിഡന്റ് സി ടി ജോസഫ്,പ്രിൻസിപ്പാൾ ഡോ.ബിന്ദു സി ജെ,ഫേബ കെ ഡേവിഡ്,രാഗേഷ്കുമാർ കെ ആർ,കെ എസ് പുഷ്കല എന്നിവർ പ്രസംഗിച്ചു.

---

## കോടതി പരസ്യം

### ബഹു. ചിട്ടി ആർബിട്രേറ്റർ കോടതി മുമ്പാകെ

**C4 892/2025**

ഗുരു കടാക്ഷം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-വാദി

1. കൊടുങ്ങല്ലൂർ താലൂക്ക് ലോകമലേശ്വരം വില്ലേജ് ടി ദേശത്ത് മണലിക്കാട്ടിൽ ശശിധരൻ മകൻ അജിത്ത് കുമാർ

-ഒന്നാംഎതിർകക്ഷി

2. കൊടുങ്ങല്ലൂർ താലൂക്ക് പനങ്ങാട് വില്ലേജ് വെമ്പല്ലൂർ ദേശത്ത് കുറ്റിക്കാട്ട് വീട്ടിൽ അലി കുഞ്ഞി മകൻ നദീം അലി

- രണ്ടാം എതിർകക്ഷി

പ്രോമിസറി നോട്ട് പ്രകാരമുള്ള സംഖ്യക്കും പലിശക്കും മറ്റുമാണ് മേൽ നമ്പർ അന്യായം. ഒന്ന്, രണ്ട്, എതിർകക്ഷികൾക്കുള്ള നോട്ടീസ് പതിപ്പിച്ച നടത്തുവാൻ അനുവദിച്ച് കേസ് **28-10-2026** തിയ്യതിയിലേക്ക് വിചാരണയ്ക്ക് വച്ചിരിക്കുന്നതും ആയതിൽ ഒന്ന്, രണ്ട്, എതിർകക്ഷികൾക്ക് ആക്ഷേപമുള്ള പക്ഷം എതിർകക്ഷികളോ അഡ്വക്കേറ്റോ ചിട്ടി ആർബിട്രേറ്റർ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം കേസ് എതിർകക്ഷികളെ കൂടാതെ വിചാരണ തീർച്ച ചെയ്യുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19-09-2026
വാദി ഭാഗം അഡ്വക്കേറ്റ്
**സുജിത ടി എസ്** (ഒപ്പ്)

---

## കോടതി പരസ്യം

### ബഹു. കുന്നംകുളം കുടുംബ മുമ്പാകെ

**EP: 27/2025**
**OP: 61/2023**

ഷൈമ

-വിധി ഉടമ

1.താഹ, 37 വയസ്സ്, S/o അലി, പുതിയേടത്ത് ഹൗസ്, എടക്കഴിയൂർ പി.ഒ, എടക്കഴിയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ ജില്ല പിൻ 680515.

-1-ാം വിധി കടക്കാരൻ

വിധി ഉടമക്ക് വിധി കടക്കാരിൽ നിന്നും വിധി പ്രകാരം ലഭിക്കാനുള്ള സ്വർണ്ണാഭരണങ്ങളുടെ വിലയും മറ്റും ഈടാക്കി കിട്ടാൻ ബോധിപ്പിച്ച മേൽ നമ്പ്ര് വിധി നടത്ത് ഹർജിയിൽ 1-ാം വിധി കടക്കാരനുള്ള നോട്ടീസ് ടിയാന്റെ വാസസ്ഥലത്തും കോടതിയിലും പതിച്ച് നടത്താൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **22-9-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതും അന്നേ ദിവസം കാലത്ത് 11 മണിക്ക് 1-ാം വിധി കടക്കാരൻ നേരിട്ടോ അധികാരപ്പെടുത്തിയ അഡ്വക്കെറ്റ് മുഖേനയോ ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതും അല്ലാത്തപക്ഷം 1-ാം വിധി കടക്കാരന്റെ അഭാവത്തിൽ കേസിൽ തുടർ നടപടികൾ ഉണ്ടാകുന്നതുമാണെന്ന് അറിയിക്കുന്നു.

വിധിഉടമ ഭാഗം അഡ്വക്കെറ്റ്
2026 സെപ്റ്റംബർ 18-ാംനു
**ബി. സജിത്** (ഒപ്പ്)

---

## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

**E.P. No. 411 OF 2026**
**O.S.No. 729 OF 2024**

നവയുഗ് ഫൈനാൻസ്

വിധിഉടമ

ചാലക്കുടി താലൂക്ക് വരന്തരപ്പിള്ളി വില്ലേജ് വടക്കുമുറി ദേശത്ത് പിണ്ടിയാൻ ആൻറു ഭാര്യ പൗളി

-വിധികടക്കാരി

മേൽ നമ്പിൽ വിധികടക്കാരിക്ക് ടിയാരിയുടെ ഭർത്താവിന്റെ മരണശേഷം പിൻതുടർച്ചാ വകാശം വഴി തനിച്ച് സിദ്ധിച്ച വരന്തരപ്പിള്ളി വില്ലേജിൽ സർവ്വെ 111/3 ൽ പ്പെട്ട 2.43 ആർസ് വഹകൾ ലേലം ചെയ്ത് വിധികടം സംഖ്യ വസുലാക്കിയെടുക്കുന്നതിനും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ വിധി നടത്ത് ഹർജ്ജി **01-10-2026** തിയ്യതിയിലേക്ക് വിചാരണക്കായി വെച്ചിരിക്കുന്നു. അന്നേദിവസം നിങ്ങൾ നേരിട്ടോ അഡ്വക്കെറ്റാക്കുന്നതായാൽ ടി അഡ്വക്കെറ്റ് മുഖാന്തിരമോ രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പ്ര് വിധിനടത്ത് ഹർജി നിങ്ങളെ കൂടാതെ നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവുകളുണ്ടാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊളുന്നു.

എന്ന് 18-9-2026
വിധിഉടമഭാഗം അഡ്വെക്കേറ്റ്
**എം എൻ ജയൻ** (ഒപ്പ്)

---

## ആധാരം നഷ്ടപ്പെട്ടു

(18-09-2026) ചാവക്കാട് താലൂക്ക് ഇരിമ്പനെല്ലൂർ അംശം ദേശത്ത് പി ഒ ഏനാമാക്കൽ, എന്റെ ഭർത്താവും കാഞ്ഞിരത്തിങ്കൽ ലോനപ്പൻ മകനുമായ റാഫേൽ എന്നവർ കൈവശത്തിലുള്ള മുല്ലശ്ശേരി സബ്ബ് റജിസ്ട്രാഫീസ് 1-ാംപുസ്തകം 397-ാം വാല്യം 141 മുതൽ 143 വരെ വശങ്ങളിൽ 1993 ലെ 2365-ാംനമ്പർ ധനനിശ്ചയാധാരവും അടിയാധാരങ്ങളും അനുബന്ധരേഖകളും തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതും ആകുന്നു. ടിയാൻ മരണപ്പെട്ടുപോയതിനാൽ പിന്തുടർച്ചാവകാശവഴിക്ക് ഭാര്യയായ എനിക്കും മറ്റും കൂടി സിദ്ധിച്ച മേൽപറഞ്ഞ ആധാരപ്രകാരമുള്ള വസ്തുവഹകളിൽ ആർക്കെങ്കിലും അവകാശമോ, ബാദ്ധ്യതയോ, എന്തെങ്കിലും പരാതികളോ ഉണ്ടെങ്കിൽ എന്നെ ഇന്നു മുതൽ 7ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആധാരത്തിന്റെ പുതിയ പകർപ്പിന് അപേക്ഷിച്ച് ടി പകർപ്പ് വെച്ച് വഹകൾ ക്രയവിക്രയം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന്
**ഡെല്ലി റാഫേൽ**, W/o. റാഫേൽ
കാഞ്ഞിരത്തിങ്കൽ ഹൗസ്
പി ഒ. ഏനാമാക്കൽ
**PHONE 8289875699**
വില്ലേജ് (വെങ്കിടങ്ങ്) **PHONE 984651 7329**

---

## COURT NOTICE

### BEFORE THE HONOURABLE MACT COURT THRISSUR

**OP (MV): 719/2024**

Sineesh A.S. - Petitiner

Chritin, aged 25 years, W/o. Laiju, Palayoor House, Ollur, P.O. Kuriachira, Thrissur, Kerala-680006

-Respondent No. 2

The afforesaid respondents take notice, the above petition is posted for appearance on **17-11-2026** at 11.00 am before this Tribunal, you are here by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 18/09/2026
**P K JOHN** (Sd/-)
Advocate, Thrissur-3